**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3801** **06-08-2021 - ൽ മറുപടിയ്ക്ക്**

**ദേവസ്വം ബോർഡുകൾക്ക് സാമ്പത്തിക സഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ വി ജോയി,<br>ശ്രീ എം മുകേഷ് ,<br>ശ്രീ. കെ.കെ. രാമചന്ദ്രൻ,<br>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ** | | **Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി )** | |
| (എ) | കഴിഞ്ഞ സാമ്പത്തിക വർഷം വിവിധ ദേവസ്വം ബോർഡുകൾക്ക് നൽകിയ സാമ്പത്തിക സഹായം എത്രയായിരുന്നെന്ന് അറിയിക്കാമോ; ക്ഷേത്രങ്ങളുടെ വരുമാനം സർക്കാർ വിനിയോഗിക്കുന്നുണ്ടെന്ന ആരോപണത്തിന്റെ നിജസ്ഥിതി വ്യക്തമാക്കാമോ; | (എ) | കോവിഡ് മൂലമുണ്ടായ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിനായി നൽകിയ അധിക ധനസഹായമുൾപ്പെടെ കഴിഞ്ഞ സാമ്പത്തിക വർഷം ദേവസ്വം ബോർഡുകൾക്ക് സർക്കാരിൽ നിന്നും നൽകിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു. തിരുവിതാംകൂർ ദേവസ്വം ബോർഡ് - 90 കോടി 40 ലക്ഷം. കൊച്ചിൻ ദേവസ്വം ബോർഡ് - 25 കോടി മലബാർ ദേവസ്വം ബോർഡ് - 44,30,53,740/- ( നൽപത്തിനാല് കോടി മൂപ്പത് ലക്ഷത്തി അൻപത്തിമൂവ്വായിരത്തി എഴുന്നൂറ്റി നാൽപത് രൂപ) കൂടൽമാണിക്യം ദേവസ്വം - 15 ലക്ഷം ക്ഷേത്രങ്ങളുടെ വരുമാനം സർക്കാർ ഖജനാവിലേക്ക് അടവാക്കപ്പെടുന്നില്ല. |
| (ബി) | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാരുൾപ്പെടെയുള്ള അബ്രാഹ്മണരെ ശാന്തിക്കാരായി നിയമിച്ച കഴിഞ്ഞ സർക്കാരിന്റെ പ്രക്രിയ തുടരുന്നുണ്ടോ; ശബരിമല മേൽശാന്തി നിയമനവുമായി ബന്ധപ്പെട്ട് ഉയരുന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | ദേവസ്വം ബോർഡിന് കീഴിലെ വിവിധ ക്ഷേത്ര ഭരണ സമിതികളിലെ പ്രാതിനിധ്യം വർഗ്ഗീയത വളർത്താൻ ചില വ്യക്തികൾ ദുരുപയോഗം ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ